ഉത്തരം

(എ) 12/2001/ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പെരുവണ്ണാമൂഴി ജലസ്രോതസ്സായ കൊയിലാണ്ടിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ എല്ലാ പ്രവർത്തികളും പൂൾ നേരത്തെ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം മേഖല 3/96/ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ ചാർജ്ജു ചെയ്യുമ്പോൾ വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച പൈപ്പ് ജോയിന്റുകളിലെ റബ്ബർ റിങ്ങുകളിലൂടെ ജലം ചോരുന്നതിനാലും, പൈപ്പുകൾ ഇടയ്ക്കിടെപൊട്ടുന്ന തുകൊണ്ടും മറ്റു മേഖലകൾ ഇതുവരെ കമ്മിഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. പദ്ധതി പൂർണ്ണമായി കമ്മിഷൻ ചെയ്യാനുള്ള തടസ്സങ്ങളെപ്പറ്റി പഠിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ഒരു വിദഗ്ധ സമിതിയെ അധികാരപ്പെടുത്തുകയും ആ സമിതി 203 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കൽ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാനായി ഉത്തരമേഖലാ ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

മുളക്കുഴ ശുദ്ധജല പദ്ധതി

50 (3450)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എത്രയുംപെട്ടെന്ന് പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ശുദ്ധജലവിതരണ പദ്ധതിയുടെ 2.40 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി, ബമ്പ്, പമ്പ്ഹൗസ് എന്നിവ പണിയുന്നതിന് കരാർ ഉറപ്പിച്ചു കഴിഞ്ഞു. പണി ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്.

(ബി) നൽകുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

51 (3451)ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. രാജു :

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കുന്ന അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റ് പണി

52 (3452)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് പണി നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിക്കാറുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ കുടിവെള്ളവിതരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഓഫീസുകളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിലെ ഓരോ തദ്ദേശഭരണ സ്ഥാപനവും ഇതിനായി വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുള്ള തുക എത്രയാണെന്നും എന്ത് തുകയുടെ പണികൾ ഇതിനകം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണ പരിപാടി നിലവിൽ വന്നശേഷം ഇപ്രകാരം ജില്ലയിൽ എന്തുതുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തുക നിക്ഷേപിക്കാറുണ്ട്.

(ബി)&(സി) ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഡി) 219.10 ലക്ഷം രൂപ.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി

53 (3453)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പിലും തൃക്കരിപ്പൂരിലും 10-ാം ധനകാര്യ കമ്മിഷന്റെ സഹായത്തോടെ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം അറിയിക്കുമോ;

---

† അനുബന്ധം XII

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

(28.3.2000-ലെ ചോദ്യം 51 (3451)-ന്റെ ഉത്തരം ദയവായി കാണുക.)

അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 19/3/1998. ലെ ജി.ഒ.എം.എസ്. നമ്പർ 29/98 ഐ.ആർ.ഡി. അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുമായി കേരള വാട്ടർ അതോറിറ്റി സഹകരിക്കുന്നുണ്ട്. രണ്ട് വിഭാഗങ്ങളിലുള്ള പദ്ധതികളാണ് ഇപ്രകാരം നടപ്പാക്കുന്നത്.

1) സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

2) വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക് എന്ന രീതിയിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന പദ്ധതികൾ

ഇതിൽ വാട്ടർ അതോറിറ്റി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൈപ്പ്ലൈൻ നീട്ടൽ, പദ്ധതി വിപുലീകരണം/പുനരുദ്ധാരണം എന്നിവയും 55 ലക്ഷത്തിൽ കൂടുതൽ മതിപ്പു തുകയുള്ള ഒറ്റപ്പെട്ട പദ്ധതികളും വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്ക് എന്ന നിലയിൽ ഏറ്റെടുത്തു നടപ്പിലാക്കും.

ജനകീയാസൂത്രണത്തിന്റെ കീഴിൽ വരുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ തയ്യാറാക്കികൊടുക്കുന്നതാണ്. കൂടാതെ ശുദ്ധജല വിതരണ പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നത് വാട്ടർ അതോറിറ്റി ഓഫീസിലെ ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന അതാത് ബി.എൽ.ഇ.സി./എം.എൽ.ഇ.സി./ഡി.എൽ.ഇ.സി. ആണ്. വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ആയി എടുക്കുന്ന പദ്ധതികളുടെ സാങ്കേതികാനുമതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്നതാണ്.

ജനകീയാസൂത്രണ പദ്ധതികൾക്ക് ആവശ്യമായി വരുന്ന മെറ്റീരിയൽസ് ജില്ലാ കളക്ടർക്കാണ് ലഭ്യമാക്കേണ്ടത്. അതിനായി മെറ്റീരിയൽസിന്റെ കണക്കുകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തി കൊടുക്കുന്നതാണ്.

ഇതു കൂടാതെ പുരോഗതി അവലോകനം ചെയ്യുന്ന ഗുണഭോക്തൃ കമ്മിറ്റിയിൽ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥനും അംഗമാണ്. വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ആയി ചെയ്യുന്ന പണികളുടെ മേൽനോട്ടം, അളവെടുപ്പ്, അളവു പരിശോധിക്കൽ മുതലായവ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ ചെയ്യുന്നതാണ്.

ഇതു കൂടാതെ 23/11/1998 ലെ ജി.ഒ.എം.എസ്. നമ്പർ 125/98/ ഐ. ആർ.ഡി. അനുസരിച്ച് ഒരു പഞ്ചായത്തിൽ ഒതുങ്ങുന്ന കേരളത്തിൽ ഒട്ടാകെയുള്ള 1050 ശുദ്ധജലവിതരണ പദ്ധതികൾ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് തീരുമാനിച്ചു. ഈ ജി.ഒ. അനുസരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പദ്ധതികൾ കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ 48 പദ്ധതികൾ കൈമാറുന്നതിനാവശ്യമായ പുനരുദ്ധാരണങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരുന്ന ഏജൻസിയുടെ പഠന റിപ്പോർട്ട് അനുസരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അംഗീകാരവും നിർദ്ദേശങ്ങളും നൽകിക്കഴിഞ്ഞു. ഇതു കൂടാതെ അധികാര വികേന്ദ്രീകരണ പരിപാടികളുടെ പുരോ

LIBRARY ARCHIVES Kerala Legislative Assembly

ഗതി അവലോകനം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശമനുസരിച്ച് ഒരു സ്പെഷ്യൽ മോടിറ്ററിംഗ്സെൽ വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ എടുത്ത തീരുമാനം അനുസരിച്ച് ആദ്യഘട്ടം എന്ന നിലയിൽ മലപ്പുറം ജില്ലയിലെ ആറ് പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയതിനുശേഷം അനൗപചാരികമായി കൈമാറിക്കഴിഞ്ഞു.

അനുബന്ധം XIII

(28.3.2000-ലെ ചോദ്യം 52 -ന്റെ ഉത്തരം ദയവായി കാണുക.)

	പഞ്ചായത്തിന്റെ പേര്	സ്കീമുകളുടെ എണ്ണം	നിക്ഷേപിച്ചിട്ടുള്ള തുക	ചെലവായ തുക
1.	തിരുവനന്തപുരം കോർപ്പറേഷൻ	10	1,28,47,400	2,02,000
2.	ഉള്ളൂർ പഞ്ചായത്ത്	1	1,72,763	-
3.	കുടപ്പനക്കുന്ന് പഞ്ചായത്ത്	1	2,44,284	1,83,000
4.	കല്ലിയൂർ പഞ്ചായത്ത്	1	3,86,000	-
5.	തിരുവല്ലം പഞ്ചായത്ത്	3	3,88,250	1,19,000
6.	വട്ടിയൂർക്കാവ് (റൂറൽ ബ്ലോക്ക് പഞ്ചായത്ത്)	2	44,959	14,000
7.	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്	1	2,61,142	2,61,000
8.	കഴക്കൂട്ടം	2	16,07,955	-
9.	കഠിനംകുളം	1	10,00,000	3,00,000
10.	കടകംപള്ളി	2	1,71,158	6,000
11.	വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്	8	83,260	-
12.	നേമം	1	2,00,000	-
13.	വിളവൂർക്കൽ	1	96,500	-
14.	വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്	6	1,26,301	1,08,807
15.	പാറശ്ശാല പഞ്ചായത്ത്	5	2,39,500	30,145
16.	അതിയന്നൂർ	2	94,000	40,264
17.	ചെങ്കൽ	2	61,000	56,731
18.	കുന്നത്തുകാൽ	3	72,500	-
19.	നെയ്യാറ്റിൻകര	2	89717	-
20.	കാഞ്ഞിരംകുളം	3	69,000	-
21.	ഒറ്റശേഖരമംഗലം ജില്ലാപഞ്ചായത്ത്	2	50,000	-
22.	പാറശ്ശാല ജില്ലാ പഞ്ചായത്ത്	2	34,000	-
23.	തിരുപുറം	1	45,000	-
24.	ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത്	3	9,57,200	4,43,026
25.	ഇലങ്കമൺ പഞ്ചായത്ത്	4	7,26,154	6,43,352
26.	മാണിക്കൻ പഞ്ചായത്ത്	1	1,23,906	68,008
27.	നെല്ലനാട് പഞ്ചായത്ത്	1	35,500	34,000

LIBRARY ARCHIVES Kerala Legislative Assembly